**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -2017 ലേ കേരളോത്സവത്തിന്റെ ചെലവിലേക്കായി ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാ ധാ ) നം .333/2020/ ത .സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 07/02/2020

പരാമർശം:- 1 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 06/07/2018 ലെ A2/3245/17/TDP നമ്പർ കത്ത്.

2.പഞ്ചായത്തു ഡയറക്ടറുടെ 13/08/2018 ലെ G1-2170/18 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലാപഞ്ചായത്തും ജില്ലാ യുവജന ക്ഷേമ ബോർഡും സംയുക്തമായി 2017 നവംബർ 24 മുതൽ 26 വരെ സംഘടിപ്പിച്ച ജില്ലാ കേരളോത്സവത്തിനും ,സംസ്ഥാന കേരളോത്സവത്തിന്റെ ഭാഗമായി 2017 ഡിസംബർ 13 മുതൽ 15 വരെ തിരുവനന്തപുരത്ത് വച്ച് നടന്ന കായിക മത്സരങ്ങളുമായി ബന്ധപ്പെട്ട് നടന്ന മാർച്ച് പാസ്റ്റിന് ജില്ലയെ പ്രതിനിധീകരിച്ച് പങ്കെടുത്ത മത്സരാർത്ഥികളുടെ ജഴ്സി ,മുത്തുക്കുടകളുടെ വാടക എന്നിവയുൾപ്പെടെ 748904 / - രൂപ ആകെ ചെലവ് വന്നിരുന്നു .ടി തുകയിൽ ജില്ലാ പഞ്ചായത്ത് പദ്ധതി വിഹിതം 220000 / -,സംസ്ഥാന യുവജനക്ഷേമ ബോർഡ് വിഹിതം 250000 / -,സ്പോൺസർഷിപ്പിൽ കിട്ടിയ 61000 / -,പ്രൈസ് മണിയായി കിട്ടിയ 20000 / -രൂപ വരവിലുള്ള 551000 / -രൂപ കഴിച്ച് ബാക്കിതുകയായ 197904 / -രൂപ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും അധികമായി ചിലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകണമെന്നാണ് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിരിക്കുന്നത്.ടി നിർദ്ദേശം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുമുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2017 ലെ കേരളോത്സവത്തിന്റെ ചെലവിലേക്കായി തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് 197904 (ഒരു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി തൊള്ളായിരത്തി നാല്) രൂപ അധികമായി ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനാമോൾ കെ ജെ**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി,തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെ ബ്സൈ റ്റിൽപ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ